LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. കെ. ആർ. ഗൗരി: ആദ്യം ഇതു സംബന്ധിച്ച ഒരു തീരുമാനം എടുത്തിരുന്നതു്, ഇതിൽനിന്നുണ്ടാകുന്ന പണം സോഷ്യൽ Welfare എന്നുള്ള നിലയിൽ, വിദ്യാഭ്യാസം, സോഷ്യൽവെൽഫെയർ, പബ്ലിക്ഹെൽത്തു് എന്നിങ്ങനെയുള്ള കാര്യങ്ങൾക്കായി വിനിയോഗിക്കണം എന്നായിരുന്നു. അതു കഴിഞ്ഞിട്ടു് നമ്മുടെ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്കായി ഇതിൽനിന്നുണ്ടാകുന്ന തുക വിനിയോഗിക്കണമെന്നുള്ള നിലയിൽ പൊതുവരവിൽ വരവു വച്ചു് വികസന പരിപാടികൾക്കു് ചിലവാക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. പി. എസ്. നമ്പൂതിരി: നമ്മുടെ സംസ്ഥാനത്തെ ലോട്ടറിടിക്കറ്റുകൾ മറ്റേതെങ്കിലും സംസ്ഥാനത്തു് വില്പനനടത്തരുതെന്ന കല്പനയുണ്ടായിട്ടുണ്ടോ?

ശ്രീമതി. കെ. ആർ. ഗൗരി: മഹാരാഷ്ട്രയിലും വേറെ ഏതോ സംസ്ഥാനത്തും അങ്ങനെ ടിക്കറ്റു വിൽക്കരുതെന്നു പറഞ്ഞിട്ടുണ്ടു്. അങ്ങനെ കല്പനയുണ്ടായാൽ അവിടെ ഏജൻസി കൊടുക്കാൻ സാധിക്കുകയില്ല. അവർ ഇവിടെ വിൽക്കുന്ന ടിക്കറ്റുകൾ ഇവിടെയും വിൽക്കരുതെന്നു ഏർപ്പാടുചെയ്യാനെ ഈ കാര്യത്തിൽ ചെയ്യാൻ പറ്റൂ.

ശ്രീ. ഒ. കോരൻ: നമ്മുടെ സംസ്ഥാനത്താണു് ആദ്യം ലോട്ടറി ആരംഭിച്ചതു്. അതിനുശേഷം തുടങ്ങിയ പഞ്ചാബിലും ഹരിയാനയിലും മറ്റും പ്രൈസു് 5 ലക്ഷവും 6 ലക്ഷവുമാക്കിയിരിക്കുകയാണു്. നമ്മുടെ ലോട്ടറിയുടെ പ്രൈസിന്റെ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി. കെ. ആർ. ഗൗരി: ആലോചിക്കാതെ മറുപടി പറയാൻ സാധ്യമല്ല, സക്കർ പണത്തിന്റെ പ്രശ്നമാണു്.

ശ്രീ. ആർ. എസ്. ഉണ്ണി: ഇവിടെ ടിക്കറ്റു അച്ചടിക്കുന്നതു് നല്ല രീതിയിലും ക്രമമായിട്ടും അല്ലെന്ന പരാതിയുള്ളതിന്റെ അടിസ്ഥാനത്തിൽ, നല്ല രീതിയിലും, ക്രമത്തിലും സുരക്ഷിതമായി ടിക്കറ്റു അച്ചടിക്കുന്നകാര്യം ആലോചിച്ചിട്ടുണ്ടോ, അതിനു് ഏർപ്പാടുചെയ്യുമോ?

ശ്രീമതി. കെ. ആർ. ഗൗരി: തമിഴ്നാട്ടിലെ ഒരു പ്രസ്സിലാണു് ടിക്കറ്റു അച്ചടിച്ചുകൊണ്ടിരുന്നതു്. അടുത്തകാലത്തു് സെക്യൂരിറ്റി പ്രസ്സു് വാങ്ങിയിട്ടുണ്ടു്. ആ പ്രസ്സു് വേണ്ടവിധത്തിൽ പരിഷ്കരിച്ചു ഒരു സെക്യൂരിറ്റി പ്രസ്സാക്കി ടിക്കറ്റുകൾ അതിൽ അച്ചടിക്കാമോ എന്നു പരിശോധിക്കുകയാണു്. അതിനു പറ്റിയവിധത്തിൽ പുതിയ പാർട്ടുകൾ വേണമോ, എന്തെല്ലാം മാറ്റംവരുത്തണം എന്നു പരിശോധിക്കാൻ ജർമ്മൻ എൻജിനീയർമാരോടു ചോദിച്ചിട്ടുണ്ടു്. ആവശ്യമുള്ള മാറ്റങ്ങൾവരുത്തി അതു് ഒരു ചെറിയ സെക്യൂരിറ്റി പ്രസ്സായി ഉപയോഗിക്കാൻ തീരുമാനിച്ചു അതിനാവശ്യമായ നടപടികൾ നീങ്ങുകയാണു്.

WRITTEN ANSWERS

മാതൃഭാഷ, ഇംഗ്ലീഷു്, ഹിന്ദി എന്നിവയുടെ ബോധനം

* 239 [848] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃഭാഷ, ഇംഗ്ലീഷു്, ഹിന്ദി എന്നിവയുടെ ബോധനം സ്കൂളുകളിൽ ആരംഭിക്കേണ്ട ഘട്ടങ്ങളെസംബന്ധിച്ചു സംസ്ഥാനവിദ്യാഭ്യാസ ഉപദേശകബോർഡു് വല്ല ശുപാർശകളും സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്താണു്;

(സി) എന്നുമുതൽ ഇതു് നടപ്പിലാക്കുന്നതിനാണു് ഉദ്ദേശിക്കുന്നതു്?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ഉണ്ട്.

(ബി) ഈ ശുപാർശകളുടെ ഒരു പകർപ്പ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.†

(സി) ഈ ശുപാശകൾ ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. അടുത്ത വിദ്യാഭ്യാസവർഷത്തിലോ അതിനടുത്ത വിദ്യാഭ്യാസവർഷത്തിലോ നടപ്പിലാക്കാൻ ഇടയുണ്ട്.

കഥകളിയുടെ പ്രോത്സാഹനം

* 240 [860] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഥകളിയുടെ പ്രോത്സാഹനാർത്ഥം ഈ ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന വിശദമാക്കാമോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ)

(എ) ഉണ്ട്.

(ബി) കേരളീയ പ്രാചീന കലാവിഭാഗങ്ങളുടെ ഉന്നമനത്തിനും ഉദ്ധാരണത്തിനും വേണ്ടി സ്ഥാപിക്കപ്പെട്ട കേരള കലാമണ്ഡലം, കഥകളിക്ക് ശരിയായ സ്ഥാനം നൽകിയിട്ടുണ്ട്. അടുത്ത കാലത്തായി വിദേശരാജ്യങ്ങളിൽപ്പോലും കേരളകലയായ കഥകളി പ്രശംസാർഹമാം വിധം പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. കേരള കലാമണ്ഡലത്തിനു് ഗ്രാൻറു നൽകിയും മറ്റും അതിന്റെ പ്രവർത്തനം വിജയകരമാക്കിതീർക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുന്നുണ്ട്.

9 a. m. മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. കസ്റ്റ്യൻ ടൈം കഴിഞ്ഞു.

ശ്രീ. എം. രാമുണ്ണി: ഒരു ഫയൽ മേശപ്പുറത്തു വയ്ക്കാമെന്നു ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അതു വച്ചോ എന്നറിഞ്ഞാൽ കൊള്ളാം.

മി. ഡെപ്യൂട്ടി സ്പീക്കർ: മേശപ്പുറത്തു വച്ചിട്ടുണ്ടോ എന്നു നോക്കിയിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ഇല്ല ഫയൽ മേശപ്പുറത്തു വച്ചിട്ടില്ല. ഇന്നു വയ്ക്കാം.

ADJOURNMENT MOTION

Closure of the Medical college at Kozhikode and the resignation of the Principal.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നു ഒരു അഡ്ജോൺമെൻറ് മോഷനു നോട്ടീസ് കിട്ടിയിട്ടുണ്ട്.

കോഴിക്കോട്ടു മെഡിക്കൽ കോളേജിൽ ഈയിടെ നടന്ന റാഗിംഗിനെതിരായി ചില വിദ്യാർത്ഥികളെ സസ്പെൻറു ചെയ്തതിനെത്തുടർന്നു വിദ്യാർത്ഥികളും പ്രിൻസിപ്പാളിനെ കയ്യേറ്റം ചെയ്വാൻ മുതിരുകയും പ്രിൻസിപ്പാളും അനശ്ചിത കാലത്തേയ്ക്കു കോളേജു് അടച്ചിടുകയും തൻറെ സ്ഥാനം രാജിവെയ്ക്കുകയും ചെയ്തതിൽനിന്നും ഉണ്ടായ ഗുരുതരാവസ്ഥ ചർച്ച ചെയ്യാൻ സർവ്വശ്രീ എം. എം. തോമസ്, അബൂബേക്കർ, കെ. കെ. അബു എന്നിവർ സമർപ്പിച്ചിട്ടുള്ള കാണിക്കുവിനു് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കു മറുപടി പറയുവാൻ തയ്യാറാണോ?

† Appendix I.

LIBRARY ARCHIVES Kerala Legislative Assembly